സ്വിസ് മലയാളികൾക്ക് മറക്കാനാകാത്ത ഓണപൂത്താലവുമായി ബി ഫ്രണ്ട്സ് സ്വിറ്റ്സർലൻഡ്



ഒത്തൊരുമയുടെയും സാഹോദര്യത്തിന്റെയും സഹജീവികളോടുള്ള സഹാനുഭൂതിയുടെയും
സന്ദേശം വിളിച്ചോതി,സ്വിറ്റസർലാൻഡിലെ പ്രമുഖ സംഘടനയായ ബി ഫ്രണ്ട്സിന്റെ 16 മ
ത്തെ ഓണത്തിന് സെപ്റ്റംബർ 1 ആം തീയതിസൂറിച്ചിലുള്ള ഹെസ്സ്ലി ഹാൾ വേദിയായി.
മഹാപ്രളയം തകർത്ത സ്വന്തം ജന്മനാടിനെ അനുസ്മരിപ്പിച്ചുകൊണ്ടെന്നപോലെ എത്തിയ പ്രത
ികൂല കാലാവസ്ഥയെവെല്ലുവിളിച്ചുകൊണ്ട് ജന്മനാടിനായൊരുക്കിയ ജനകീയ ഓണത്തിന്
സ്വിറ്റസർലണ്ടിന്റെ എല്ലാ ഭാഗത്തുനിന്നുംമലയാളികളും തദ്ദേശിയരും ഒഴുകിയെത്തി.
ഏകദേശം 11 മണിയോടെ പ്രസിഡന്റ് ശ്രീ ബിന്നി വെങ്ങപ്പള്ളി, ജനറൽ സെക്രട്ടറി ശ്രീ റ്റോമി
വിരുത്തിയേൽ, ട്രെഷറർശ്രീ ജോയ് തടത്തിൽ, റെവ.ഫാദർ മാർട്ടിൻ പയ്യപ്പിള്ളി എന്നിവർ ചേ
ർന്ന് തിരി തെളിച്ചു ഈ വർഷത്തെ ബി ഫ്രണ്ട്സ്ഓണപൂത്താലം ഉദ്ഘാടനം ചെയ്തു. തുടർന്ന്
ശ്രീ ജോസ് പെല്ലിശ്ശേരിയുടെ നേതൃത്വത്തിൽ വിഭവസമൃദ്ധമായ ഓണസദ്യആരംഭിച്ചു.

ബി ഫ്രണ്ട്സ് കുടുംബാംഗങ്ങളുടെ കൂട്ടായ്മയുടെ രുചി വാരി വിതറുന്നതായിരുന്നു ഓണസദ്യ.
അഥിതികളുടെ വയറുംമനസും നിറച്ച ഓണസദ്യ, മാത്യു മണികുട്ടിയിൽ, ജോമോൻ പത്തുപാ
റയിൽ, ജീവൻ കരിയാപുരം, ഷാജി വലിയവീട്ടിൽ,ജെർബിൻ ജോർജ് , ബോബി ജോൺ, ബി
നോയ് അലാനിക്കൽ, ജോഷി വടക്കുമ്പാടൻ, ഡേവിസ് വടക്കുംചേരി, റെജിപോൾ, ബിജു പാറ
ത്തലക്കൽ, വർഗീസ് പൊന്നാനക്കുന്നേൽ, ജോൺ വെളിയൻ, ഷലിം വലിയവീട്ടിൽതുടങ്ങിയ
വരോടൊപ്പം വനിതാ ഫോറവും യൂത്ത് ഫോറവും ചേർന്ന് അടുക്കും ചിട്ടയോടും കൂടി വിളമ്പ
ിയപ്പോൾ സ്വിസ്സ്മലയാളി സമൂഹത്തിന് സമ്മാനിച്ചത് ഓണ വിഭവങ്ങളുടെ കലവറയായിരുന്നു
.
കേരളത്തിലെ മഹാമാരിയിൽ ജീവനർപ്പിച്ചവർക്ക് ആദരാജ്ഞലിയും, കഷ്ടത അനുഭവിക്കുന്ന
വർക്ക്കൈത്താങ്ങാകുവാൻ ബി ഫ്രണ്ട്സ് തുടക്കമിട്ട ഫണ്ട് സമാഹരണത്തിൽ സഹകരിക്കാ
ൻ അപേക്ഷിച്ചുകൊണ്ടുള്ളവീഡിയോ പ്രദർശനത്തിന് ശേഷം, അകാലത്തിൽ ബി ഫ്രണ്ട്സ് ക
ുടുംബത്തിൽ നിന്നും വിടപറഞ്ഞ ജെസമ്മതൊണ്ടാംകുഴിക്കു ശ്രദ്ധാഞ്ജലി അർപ്പിച്ചുകൊ
ണ്ടും ജെസമ്മക്ക് ഈ വർഷത്തെ ഓണാഘോഷങ്ങൾ സമർപ്പിച്ചുകൊണ്ടുംസാംസ്കാരിക സ
മ്മേളനത്തിന് തുടക്കമായി.



മലയാളിയും, മാവേലിയും തമ്മിലുള്ള ബന്ധത്തിന് പുതു ജീവന് നല്കി, റെവ.ഫാദർ വർഗീസ് നടക്കൽ തിരി തെളിച്ചുഉദ്ഘാടനം ചെയ്തു. സംഘടനയുടെ പ്രസിഡന്റ് ബിന്നി വെങ്ങപ്പള്ളി, ജ നറൽ സെക്രട്ടറി റ്റോമി വിരുത്തിയേൽ, ട്രഷററർജോയ് തടത്തിൽ, റെവ.ഫാദർ മാർട്ടിൻ പയ്യപ്പി ള്ളി, ആർട്ട് കൺവീനർ സെബാസ്റ്റ്യൻ കാവുങ്ങൽ, സ്പോർട്സ് കൺവീനർവർഗീസ് പൊന്നാന ക്കുന്നേൽ വുമൺസ് ഫോറം കോഓർഡിനേറ്റർ ജൂബി അലാനിക്കൽ, യൂത്ത് ഫോറത്തിനുവേ ണ്ടിശ്യാമിലി വലിയവീട്ടിൽ എന്നിവരും തിരികൾ തെളിച്ച് ആഘോഷത്തെ വരവേറ്റു.
സിസ്സി കാരിയപ്പുറത്തിന്റെ പ്രാർത്ഥനാഗാനത്തോടെ ചടങ്ങുകൾക്ക് തുടക്കമായി. സ്വാഗതം പ്രസംഗം നടത്തിയപ്രസിഡന്റ് ബിന്നി വെങ്ങപ്പള്ളി, ബി ഫ്രണ്ട്സിന്റെ ഈ വർഷത്തെ ഓണ ം ജനകീയ ഓണമാക്കിആഘോഷിക്കുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുകയും സംഘടന നടത്തി വരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളെപറ്റി വിവരിക്കുകയും, ഐ ഷെയർ പ്രൊജെക്ട ിനു സ്വിസ് സമൂഹം നല്കിവരുന്ന സഹകരണത്തിനു നന്ദി അറിയിക്കുകയുംചെയ്തു. തൻറെ ഉ ൽഘാടന പ്രസംഗത്തിൽ ഓണവും ഓർമ്മകളും മലയാളികളുടെ ഹൃദയത്തുടിപ്പായി തുടരു ന്നതിന്റെഅന്തഃസാരം വിവരിച്ച് ബഹുമാനപ്പെട്ട നടക്കലച്ചൻ ഓണ സന്ദേശം നല്കി, ഓണാ ഘോഷം ഔപചാരികമായി ഉത്ഘാടനംചെയ്തു . ബി ഫ്രണ്ട്സ് ഇദംപ്രദമായി തുടക്കമിട്ട, പ്രവ ാസ ജീവിതത്തിൽ അൻപതു വർഷം സ്വിറ്റസർലണ്ടിൽ പിന്നിട്ടവരെആദരിക്കൽ ചടങ്ങിന് മ ുന്നോടിയായി അതിനു അർഹരായവരായ ശ്രീ ജോർജ് വിമലശേരിയെയും,ശ്രീമതി മേരിപഴേ ങ്കോട്ടിലിനെയും അനുമോദിച്ചു മാർട്ടീനച്ചൻ സംസാരിച്ചു . ജനറൽ സെക്രട്ടറി റ്റോമി വിരുത്തി യേൽ എല്ലാവർക്കുംനന്ദി അർപ്പിച്ചു.
സമ്മേളനത്തിനു ശേഷം വേദി കലാസാംസ്കാരിക പരിപാടിയ്ക്കായി അണിഞ്ഞൊരുങ്ങി. ആ ത്മബന്ധങ്ങളുടെയും,രക്തബന്ധങ്ങളുടെയും കഥപറഞ്ഞ സ്നേഹപൂത്താലം എന്ന നാടകം അരങ്ങിലെത്തിച്ചായിരുന്നു ഓണപൂത്താലമെന്നകലാസന്ധ്യയുടെ തുടക്കം. സ്വിസ്സിലെ മിക ച്ച കലകാരന്മാർ ജന്മം നല്കിയ വേഷങ്ങൾ യഥാർത്ഥത്തില് സദസ്സിനെവിസ്മയിപ്പിച്ചു. സ്നേഹപ ൂത്താലമെന്ന നാടകത്തിലൂടെ ഇന്ത്യയിലെ വിവിധങ്ങളായ ദേശീയോത്സവങ്ങളുടെനൃത്തരൂ പങ്ങളും ഗൃഹാതുരത്വം തുടിക്കുന്ന ഓണപ്പാട്ടുകളുടെ നൃത്തരൂപങ്ങളും നാലു വയസ്സുമുതൽ ഇരുപത്തിയഞ്ചുവയസ്സുവരെയുള്ള നൂറ്റി അൻപതില്പരം കലാപ്രതിഭകളായ സ്വിസ്സിലെ രണ്ടാം തലമുറയെ സൂര്യ ,ശില്പ തളിയത്തുസഹോദരിമാരുടെ കൊറിയോഗ്രാഫിയിൽ വേദിയിലെത്ത ിച്ചപ്പോൾ സദസ്സ് ഒന്നടങ്കം കരഘോഷമുയർത്തി. മേഴ്സിവെളിയൻ തിരുവാതിര നൃത്തത്തി നു നേതൃത്വം നൽകി. ജൂബി അലാനിക്കൽ, ഷൈനി മാളിയേക്കൽ,ബിനു ,സീമാവാളിപ്ലാക്ക ൽ ,അലീന കാട്ടരുകുടി ,വനേസ വിരുത്തിയേൽ ,റീന തളിയത്തു ,റെജി പുതുമന, മേഴ്സി വെ ളിയൻ, സ്റ്റീനമാളിയേക്കൽ ,ലിസ സൗത്തിലും മറ്റു ഡാൻസുകളുടെ കൊറിയോഗ്രാഫി നിർവ ഹിച്ചു.

സ്വിസ്സിൽ ഇദംപ്രദമമായി ഓണത്താറായി സെബാസ്റ്റ്യൻ അറയ്ക്കലും, ടെസി കിഴക്കേക്കര യും, കുട്ടികളും വിവിധവേഷമിട്ടപ്പോൾ സ്നേഹവീട് അക്ഷരാർത്ഥത്തിൽ നക്ഷത്ര ശോഭക ൊണ്ട് മിന്നിത്തെളിഞ്ഞു. വിവിധ നൃത്തരൂപങ്ങളിൽപങ്കെടുത്ത നൂറ്റിഅൻപതോളം കുട്ടികൾ ഒരുമിച്ചു സ്നേഹപൂത്താലമെന്ന സ്നേഹവീട്ടിൽ അണിനിരന്നപ്പോൾ വീടിനുപുറത്ത് നിന്നും എത്തിയ മാവേലിയും, പുലിക്കളിയും, തെയ്യവും, താലപൊലിയും, മുത്തുക്കുട എന്തിയ ഘോ ഷയാത്രയുംഓണത്തിന്റെ സ്മരണകളെ വിളിച്ചറിയിച്ചു. തുടർന്ന് തന്റെ എഴുപത്തിയാറാം വേദി പങ്കിട്ട മാവേലി തോമസ് ചേട്ടൻപ്രജകൾക്ക് ഓണ സന്ദേശം നൽകി.

സ്മിതാ കിരിയൻതാൻ പതിന്നാലു കുരുന്നുകളെ ഉൾപ്പെടുത്തി കൊറിയോഗ്രാഫി ചെയ്ത് നൃ ത്തരൂപവുംകലാപരിപാടികൾക്ക് മിഴിവേകി . കൂടാതെ സ്വയമായി രചനയും, സംവിധാനവും നിർവഹിച്ചു. സ്വിസ്സിലെ ഇരുപതോളംയുവ പ്രതിഭകൾ സ്വിസ്സിലെ രണ്ടാം തലമുറയ്ക്ക് നല്ലൊ രു സന്ദേശം നൽകി. തങ്ങളെ വളർത്തി വലുതാക്കിയമാതാപിതാക്കൾക്ക് നന്ദി അർപ്പിച്ചുകൊ

ണ്ട് പഴയതും പുതിയതുമായ ഗാനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുഅണിയിച്ചൊരുക്കിയ നൃത്ത കലാരൂപം സദസിന്റെ പ്രത്യേക പ്രശംസ പിടിച്ചുപറ്റി.

അതേസമയം സമ്മേളനം അവാർഡ് ദാനത്തിന്റെയും കൂടി വേദിയായി. ഓണാഘോഷത്തോട് അനുബന്ധിച്ച് നടത്തിയബെസ്റ്റ് ഡ്രസ്സ് അവാർഡിനെപ്പറ്റി കോ ഓർഡിനേറ്റർ അനിൽ ചക്കാലക്കൽ സംസാരിച്ചു. ഇന്ത്യൻ എംബസിയെപ്രതിനിധീകരിച്ചു, അഡിഷണൽ സെക്രട്ടറി റോഷിനി തോംസൺ ഡ്രസ്സ് അവാർഡ് ചടങ്ങുകളുടെ മുഖ്യാതിഥിആയിരുന്നു. ശ്രീമതി റോഷിനി ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

സ്പെഷ്യൽ ജൂറി അവാർഡ് : മിത്ര ചക്കിയിൽ, ജൂനിയർ ഗേൾ: ഫിനിയ നെല്ലിശ്ശേരി, ജൂനിയർ ബോയ്: ആൻഡ്രൂചക്കരമാക്കിൽ, സീനിയർ ഗേൾ: അലൈൻ വടക്കുമ്പാടൻ, സീനിയർ ബോയ്: ആകാശ് താക്കോൽക്കാരൻ, കേരള ശ്രീമതി:ലാലി പന്നരക്കുന്നേൽ, കേരള ശ്രീമാൻ: വിൻസ് പറയനിലം, എന്നിവർ അർഹരായപ്പോൾ ഷേർലി & ലാൻസ്മാപ്പിളകലയിൽ ഏറ്റവും നല്ല ജോഡിയായും തിരഞ്ഞെടുക്കപ്പെട്ടു.

ബേബി തടത്തിൽ, ജൂലിയറ്റ് കള്ളിക്കൽ എന്നിവർ അവതാരകരായി എത്തിയപ്പോൾ ശബ്ദത്തിന്റെയും,വെളിച്ചത്തിന്റെയും സാങ്കേതികത ജോജി മൂഞ്ഞേലി, പ്രകാശ് അത്തിപൊഴി, എന്ന ിവർ നിയന്ത്രിച്ചു. രംഗ നിർവഹണംഅഗസ്റ്റിൻ മാളിയേക്കലും ,പ്രിൻസ് കാട്ടരുകുടിയും ഭംഗിയായി നിർവഹിച്ചു. സ്റ്റേജ് കോ ഓർഡിനേറ്റേഴ്സ് ആയി ജോഷിവടക്കുംപാടനും

